23. ചിതറ (വളവുപച്ച) (കൊല്ലം റൂറൽ)

24. മലയാലപ്പുഴ (പത്തനംതിട്ട)

25. മാഞ്ഞൂർ (കോട്ടയം)

26. മൂട്ടം (ഇടുക്കി)

27. തങ്കമണി (ഇടുക്കി)

28. എടത്തല (എറണാകുളം റൂറൽ)

29. ചെറുപുഴ (കണ്ണൂർ)

(ബി) ഉണ്ട്. വിവരം ചുവടെ ചേർക്കുന്നു:

സർക്കിൾ ഓഫീസുകൾ

1. പത്തനാപുരം

2. മലയിൻകീഴ്

3. പോത്തൻകോട്

4. വിദ്യാനഗർ

സബ് ഡിവിഷനുകൾ

1. ചങ്ങനാശ്ശേരി

2. നാദാപുരം

(സി) തിരുവല്ല സബ് ഡിവിഷനിൽ ; ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി &ഇ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

പോലീസ് സ്റ്റേഷനുകളിലെ അഴിമതി

190 (3700) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിലെ അഴിമതി ഇല്ലാതാക്കാനും അഴിമതി സാധ്യതകൾ കണ്ടെത്തി തടയുവാനും ആഭ്യന്തര വകുപ്പ് പുതിയ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. പോലീസ് സ്റ്റേഷനുകളിലേയും മറ്റും അഴിമതി ഇല്ലാതാക്കാനും അഴിമതികൾ കണ്ടെത്തി തടയുന്നതിനും ആന്തരിക നിരീക്ഷണ സംവിധാനമായ Internal Vigilance Cell രൂപീകൃതമായിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിലേയും മറ്റ് പോലീസ് ഓഫീസുകളിലേയും അഴിമതി നിർമ്മാർജ്ജനത്തിലൂടെ പൊതുജനങ്ങൾക്ക് നീതി ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. ഇപ്രകാരം പൊതുജനങ്ങൾക്ക് അഴിമതിയുമായി ബന്ധപ്പെട്ട പരാതികൾ നൽകുന്നതിനായി, ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ എല്ലാ പോലീസ് സ്റ്റേഷനുകളിലും പോലീസ് ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുള്ളതാണ്. കൂടാതെ ഇന്റേണൽ വിജിലൻസ് അംഗങ്ങൾ മുമ്പാകെയും പരാതി നൽകാവുന്നതാണ്.

സ്വാമി ശാശ്വതീകാനന്ദയുടെ മരണം സംബന്ധിച്ച പോലീസ് അന്വേഷണം

191 (3702) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാമി ശാശ്വതീകാനന്ദയുടെ മരണം സംബന്ധിച്ച് പോലീസിലെ ഏതു വിഭാഗമാണ് അന്വേഷണം നടത്തിയിട്ടുള്ളതെന്നും ഇതിനായി പ്രത്യേക ടീമിനെ നിയോഗിച്ചിരുന്നോ എന്നും ആരുടെ നേതൃത്വത്തിൽ എത്ര അംഗ ടീമാണ് ഇതു സംബന്ധിച്ച അന്വേഷണം നടത്തിയിരുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ശാശ്വതീകാനന്ദ സ്വാമിയുടെ മരണം സംബന്ധിച്ച് നടത്തിയ അന്വേഷണങ്ങളിലൂടെ എന്തെല്ലാം വസ്തുതകൾ കണ്ടെത്തിയിരുന്നുവെന്നും, ഈ കേസിന്റെ നടപടികൾ അവസാനിപ്പിച്ചിരുന്നോ എന്നും വ്യക്തമാക്കാമോ;

(സി) ശാശ്വതീകാനന്ദ സ്വാമിയുടെ മരണം സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് ഏതു കോടതിയിലാണ് സമർപ്പിച്ചതെന്നും കോടതി ഇതു സംബന്ധിച്ച് അന്വേഷണം അവസാനിപ്പിച്ചതായി ഉത്തരവായിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഡി) ശാശ്വതീകാനന്ദ സ്വാമിയുടെ മരണം സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly